# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4518** **18.05.2017-ൽ മറുപടിയ്ക്ക്**

### കെ.എസ്.എഫ്.ഇ-സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടർ

| | ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടറുകളിലെ ഇടപാടുസമയം വ്യക്തമാക്കുമോ ; എല്ലാ ബ്രാഞ്ചുകളും പ്രസ്തുത സമയക്രമം പാലിക്കുന്നതായി ഉറപ്പുവരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (എ), (ബി) & (സി) | സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടറുകളുടെ സമയക്രമം സാധാരണ സാഹചര്യങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് 4.30 വരെയാണ്. പ്രസ്തുത സമയക്രമം പാലിക്കാതിരിക്കുന്നതായോ സ്വർണ്ണപ്പണയ വായ്പ അനുവദിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കെ.എസ്.എഫ്.ഇ.യുടെ തിരുവനന്തപുരം റീജിയണൽ ഓഫീസിനു കീഴിലുള്ള ശാഖകളിൽ സ്വർണ്ണപ്പണയ വായ്പ അനുവദിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; | | |
| (സി) | രാവിലെ 10 മുതൽ വൈകീട്ട് 4.30 വരെ സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടറുകൾ പ്രവർത്തിക്കണം എന്നിരിക്കെ, പുതിയ സോഫ്റ്റ് വെയർ നടപ്പിലാക്കിയതിന്റെ മറവിൽ പല ബ്രാഞ്ചുകളും 2 മണിവരെ മാത്രം വായ്പ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ബ്രാഞ്ചുകൾക്കെതിരെ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.